II ഇ.ബി.XIV-കേരള നിയമസഭ/V-6

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 4, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി. പി. സെൻകുമാറിനെ പുന:സ്ഥാപിക്കണമെന്ന സുപ്രീം കോടതി ഉത്തരവ് നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയുണ്ടായി.)

18(*181) പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള നികുതി

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ഭരണഘടനാ ഭേദഗതി പ്രകാരം പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽനിന്നും താൽക്കാലികമായി

ഒഴിവാക്കിയിട്ടുണ്ടെന്നും ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ചരക്കുകൾക്കും സേവനങ്ങൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം സെസ്സ് ചുമത്താനുള്ള അധികാരം കേന്ദ്ര സർക്കാരിന് മാത്രമായിരിക്കുമെന്നും സഭയെ അറിയിച്ചു. നിയമം നടപ്പിലാക്കുന്ന ആദ്യവർഷം നികുതിയിനത്തിൽ മൂവായിരം കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്നും നിലവിലെ നിയമത്തിൽ സർക്കാർ ഗ്രാന്റുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മോട്ടോർ വാഹനങ്ങൾക്കും അഡീഷണൽ സെസ്സ് ഏർപ്പെടുത്തിയാൽ കിഫ്ബിയുടെ വരുമാനത്തെ ബാധിക്കില്ലെന്നും ഇതിനായി നിയമ ഭേദഗതി ആവശ്യമില്ലെന്നും നികുതിയിളവില്ലാതെ ഈ വർഷം തന്നെ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19(*182) <u>വൈദ്യുതി ഉപയോഗക്ഷമതയിലെ മികവ്</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ സർക്കാർ/സ്വകാര്യ മേഖലാ ഓഫീസുകൾ, ഐ.ടി.പാർക്കുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെ 240 സ്ഥാപനങ്ങളിലേയും സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീടുകളിലെയും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനും ഊർജ്ജ

ലാഭം ലക്ഷ്യമിട്ട് ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക് പദ്ധതികളുടെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും മേയ് മാസാവസാനത്തോടുകൂടി കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് സാധിക്കുമെന്നും സഭയെ അറിയിച്ചു. പൊതുകെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി നടത്തിയ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് ഊർജ്ജ ഓഡിറ്റിംഗിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെ 8 സ്ഥാപനങ്ങളിൽ ഊർജ്ജ ലാഭം നേടാൻ സാധിച്ചിട്ടുണ്ടെന്നും ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 38 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കിന്റെ നിർമ്മാണം പൂർത്തിയായി വരികയാണെന്നും സ്ട്രീറ്റ് ലൈറ്റുകളിൽ മീറ്റർ ഘടിപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും തെരുവുവിളക്കുകൾ നവീകരിക്കുന്നതിനും സൗജന്യ നിരക്കിൽ എൽ.ഇ.ഡി.ബൾബുകൾ വിതരണം ചെയ്യുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കാർഷിക മേഖലയിൽ മൈക്രോ ഇറിഗേഷൻ സ്കീം നടപ്പിലാക്കുന്നതിനെക്കുറിച്ചും തൃശ്ശൂർ, കുട്ടനാട്, പൊന്നാനി കോൾ നിലങ്ങളിൽ സൗരോർജ്ജ പാനൽ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും പാനൽ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20(*183) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്ന പ്രധാന പദ്ധതികൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, റെയിൽവേ, എയിംസ്, ഫാക്ടിന്റെ പുനരുജ്ജീവനം, ദേശീയപാത ഉൾപ്പെടെയുള്ള വിവിധ പദ്ധതികളും പദ്ധതി നിർദ്ദേശങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും കാർഷിക-വ്യാവസായിക മേഖലകൾ നേരിടുന്ന കേന്ദ്ര അവഗണന പരിഹരിക്കുന്നതിനായി കേന്ദ്രത്തിനുമേൽ സമ്മർദ്ദം ചെലുത്തുന്നതാണെന്നും സഭയെ അറിയിച്ചു. 100 ശതമാനം കേന്ദ്രവിഹിതം ഒഴികെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ 60:40 അനുപാതത്തിലും സംസ്ഥാന സർക്കാരിന് താൽപ്പര്യമുള്ളപക്ഷം കേന്ദ്ര സർക്കാർ നിർത്തലാക്കിയ പദ്ധതികൾ 50:50 അനുപാതത്തിലും നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടെന്നും മൊത്തം പൊതുമേഖലാ നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതം 2 ശതമാനത്തിൽ താഴെയാണെന്നും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കുടിശ്ശിക തുക ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ഇടപെടൽ നടത്തുമെന്നും 150 ദിവസത്തെ ലേബർ ബഡ്ജറ്റ്

തയ്യാറാക്കുമെന്നും മന്ത്രി വ്യക്തമാക്കി. മണ്ണെണ്ണ ദൗർലഭ്യംമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ സബ്സിഡി നിരക്കിൽ പെട്രോൾ നൽകുന്നതിനുള്ള നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് ഒരു ഉപ ചോദ്യത്തിലിടപെട്ടുകൊണ്ട് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി വ്യക്തമാക്കി.

21(*184) <u>വിനോദസഞ്ചാര നയം</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, 2012-ലെ ടൂറിസം നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തിയും ടൂറിസം വികസനത്തിനായി സമഗ്ര നയം രൂപീകരിക്കുമെന്നും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ്, അപായ സൂചികകൾ, മുന്നറിയിപ്പ് ബോർഡുകൾ എന്നിവ സ്ഥാപിക്കുകയും പ്രത്യേക പരിശീലനം ലഭിച്ച 180 ടൂറിസം പോലീസ് ഉദ്യോഗസ്ഥരുടെയും 137 ലൈഫ് ഗാർഡുമാരുടെയും സേവനം ലഭ്യമാക്കുകയും പുതുതായി 20 ലൈഫ് ഗാർഡുമാരെ നിയമിക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആഭ്യന്തര ടൂറിസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമെന്നും തൊഴിൽ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് തദ്ദേശിയരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1764 മുതൽ 2020 വരെയുള്ള ചോദ്യങ്ങളിൽ 152 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)